## ഒന്നാം ദിവസം

**മുന്നൊരുക്കം:** ഇവിടം സ്വർഗ്ഗമാണ് എന്ന തലക്കെട്ട് ചാർട്ടിൽ എഴുതി വെട്ടിയെടുത്ത് അലങ്കരിച്ച് ക്ലാസിൽ പ്രദർശിപ്പിച്ചിരിക്കുമല്ലോ.

b. പ്രവർത്തനങ്ങൾക്കാവശ്യമായ ചാർട്ട് പേപ്പർ, കത്രിക, പശ, സ്കെച്ച് പെൻ മുതലായവ കരുതുമല്ലോ...

**ആക്റ്റിവിറ്റി 1 :** ആക്ഷൻ സോങ്ങ്

ദൈവപരിപാലനയുടെ തുടർച്ചയാണ് കുടുംബത്തിൽ നമുക്കു മാതാപിതാക്കൾവഴി അനുഭവിക്കാൻ സാധിക്കുന്ന കരുതൽ എന്ന് വരികളിലെ ആശയം വിശദീകരിച്ച് വ്യക്തമാക്കണേ...

**ആക്റ്റിവിറ്റി 2 :** നമുക്ക് ഒരു വീട് നിർമ്മിക്കാം

കുടുംബത്തെപ്പറ്റി ചിന്തിക്കാനുള്ള പശ്ചാത്തലം ഒരുക്കാനാണ് ഈ പ്രവർത്തനം. ഇത് 3 വിധത്തിൽ ചെയ്യാം.

1. പുസ്തകത്തിൽ കാണിച്ചിരിക്കുന്നതുപോലെ പേപ്പർ ഗ്ലാസും ചാർട്ട് പേപ്പറും ഉപയോഗിച്ച്.

2. ഈർക്കിലിയോ/തീപ്പെട്ടിക്കമ്പുകളോ ചാർട്ട് പേപ്പറിൽ വീടിന്റെ ആകൃതിയിൽ ഒട്ടിച്ച്.

3. പേപ്പർ ഉപയോഗിച്ച്.

**ആക്റ്റിവിറ്റി 3 :** പ്രകൃതിയിലെ വീടുകൾ

ചിത്രത്തിൽ കാണിച്ചിരിക്കുന്ന മൃഗങ്ങൾക്കും പക്ഷികൾക്കും അവരുടെ കൂട്ടിലെത്താൻ വഴികാണിക്കാമോ?

ലക്ഷ്യം : വീടും ഭവനവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കാൻ. ദൈവത്താൽ ഒന്നിപ്പിക്കപ്പെട്ട മനുഷ്യർ സ്നേഹം പങ്കിട്ട് ജീവിക്കുമ്പോൾ വീട് ഭവനം ആയി മാറുന്നു. ഭവനത്തിൽനിന്ന് 'ഭ' മാറുമ്പോൾ 'വനം' ഭ-ഭാര്യ/അമ്മ, ഭർത്താവ്/അച്ഛൻ

**ആക്റ്റിവിറ്റി 4 :** വീട് വരയ്ക്കാമോ?

കുട്ടികൾ അവരുടെ ഭാവനയിൽ തങ്ങളുടെ വീട് വരയ്ക്കട്ടെ. വീട് വരച്ചശേഷം വീട്ടിലെ അംഗങ്ങളെക്കൂടി ചിത്രത്തിൽ വരച്ചുചേർക്കാൻ ആവശ്യപ്പെടാം.

**ആക്റ്റിവിറ്റി 5 :** വീട്ടിൽ ആരൊക്കെ ഉണ്ട്?

വീട്ടിലെ അംഗങ്ങളുടെ പേരോ, സ്ഥാനമോ എഴുതട്ടെ. അംഗങ്ങളുടെ കൂടെ ഈശോയുടെ പേര് ഉണ്ടോ? ഈശോയും നമ്മുടെ കുടുംബത്തിലെ അംഗമല്ലേ എന്ന ചിന്ത വളരെ ലളിതമായി ഇവിടെ നൽകാം.

**ആക്റ്റിവിറ്റി 6 :** വഴി കാണിക്കാമോ?

ജോലി കഴിഞ്ഞുവരുന്ന അച്ഛൻ

കടയിൽനിന്നു സാധനങ്ങൾ വാങ്ങി വരുന്ന അമ്മ...

കളി കഴിഞ്ഞു വരുന്ന കുട്ടി

ക്ലാസ് കഴിഞ്ഞു വരുന്ന പെൺകുട്ടി

എല്ലാ വഴികളും വീട്ടിലേക്കു തന്നെ.

വീട് ഇത്രമാത്രം ഒരാളെ മോഹിപ്പിക്കുന്നത് എന്തുകൊണ്ടാ? ഉത്തരങ്ങളെല്ലാം സൂചിപ്പിക്കുന്നത് ദൈവസ്നേഹത്തിന്റെ തുടർച്ചതന്നെയല്ലേ?

ക്ലാസ് വിട്ടാലുടൻ വീട്ടിൽ തിരിച്ചെത്താൻ കുട്ടി ആഗ്രഹിക്കുന്നതിന്റെ കാരണങ്ങൾ അവർ പങ്കുവയ്ക്കട്ടെ. ഉത്തരങ്ങളിലെല്ലാം ഉണ്ടാകാൻ ഇടയുള്ള ദൈവസ്നേഹത്തിന്റെ തുടർച്ചകളെ എടുത്തു കാട്ടണേ...

**ആക്റ്റിവിറ്റി 7 :** വൈകുന്നേരം വീട്ടിൽ എത്തിയാൽ ചെയ്യാൻ സാധ്യതയുള്ള കാര്യങ്ങളിൽനിന്ന് പരസ്പരസ്നേഹം എന്ന കാരണം കണ്ടെത്താൻ സാധിക്കുമല്ലോ.

**ആക്റ്റിവിറ്റി 8 :** കുട്ടുവും പൂച്ചക്കുട്ടിയും

അച്ഛനോ അമ്മയോ വഴക്കുപറയുന്നതും നിർദേശങ്ങൾ നൽകുന്നതും തിരുത്തുന്നതും കുട്ടികളുടെ നന്മക്കാണെന്ന സന്ദേശം ഉൾക്കൊള്ളുന്ന ഒന്നോ രണ്ടോ കഥകൾകൂടി ക്ലാസിൽ പങ്കുവയ്ക്കണേ. സമയം അനുവദിക്കുമെങ്കിൽ കുട്ടികളിൽനിന്ന് ചിലർക്ക് അവർക്കറിയാവുന്ന കഥകൾ പങ്കുവയ്ക്കാൻ അവസരം നൽകാം. കഥകളിലെ ഗുണപാഠംകൂടി കുട്ടികളിലെത്താൻ അദ്ധ്യാപകർ ശ്രദ്ധിക്കണേ.

**ആക്റ്റിവിറ്റി 9 : ഫാമിലി ട്രീ**

ദൈവത്താൽ സൃഷ്ടിക്കപ്പെട്ട കുടുംബം എന്ന ആശയം ലളിതമായി മനസിലാക്കി കൊടുക്കാൻ ഒരു പരിധിവരെ സഹായിക്കുംവിധത്തിൽ ഈ പ്രവർത്തനം ചെയ്യാം.

1. പുസ്തകത്തിൽ നൽകിയിരിക്കുന്ന സ്ഥാനങ്ങളോടു ചേർത്ത് വ്യക്തികളുടെ പേരെഴുതാം.

2. നൽകിയിരിക്കുന്ന സ്ഥാനങ്ങളിൽ അവരുടെ ഫോട്ടോ ഒട്ടിക്കാൻ ഹോംവർക്കായി നൽകാം.

3. ചാർട്ട് പേപ്പറിൽ മരം വരച്ച്, പേപ്പർ കഷ്ണങ്ങൾ പല ആകൃതിയിൽ മുറിച്ച് പേരുകൾ എഴുതി ഒട്ടിക്കാം.

4. ചെറിയ മരച്ചില്ലകൾ നൽകി. ആ ചില്ലകളിൽ പുസ്തകത്തിൽ നൽകിയിരിക്കുന്ന ക്രമത്തിൽ പേരുകൾ വെട്ടിയെടുത്ത് നൂലുപയോഗിച്ച് തൂക്കിഇടാം.

5. ഫാമിലി ട്രീയുടെ ഏറ്റവും മുകളിൽ ഈശോയുടെ പേരും ഉൾപ്പെടുത്തണേ. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട് പരിപാലിക്കപ്പെടുന്ന കുടുംബം ദൈവസ്നേഹത്തിൽ പങ്കുകാരാവുകവഴി ഭൂമിയിൽ സ്വർഗം തീർക്കുകയാണെന്ന ആശയം ഉറപ്പിക്കാൻ പ്രവർത്തനങ്ങളിലൂടെ സാധിക്കുമല്ലോ?

## രണ്ടാം ദിവസം

**മുന്നൊരുക്കം :** എന്റെ വീട് ഈശോയുടെയും എന്ന തലക്കെട്ട് ചാർട്ട് പേപ്പറിൽ എഴുതി അലങ്കരിച്ച് ക്ലാസ്മുറികളിൽ പ്രദർശിപ്പിക്കണേ...

b. കുട്ടികളുടെ എണ്ണം അനുസരിച്ച് എത്ര ഗ്രൂപ്പുകൾ ഉണ്ടാകാം എന്ന് കണക്കാക്കി താഴെപ്പറയുന്ന വസ്തുക്കൾ കരുതണേ.

1. ഗ്രൂപ്പാകാൻ ആവശ്യമായ ആകൃതികൾ പേപ്പറിൽ മുറിച്ചെടുത്ത് വക്കുമല്ലോ.

2. ഗ്രൂപ്പ് ട്രീ ഉണ്ടാക്കാൻ ഓരോ ഗ്രൂപ്പിനും സാമാന്യം വലിയ മരച്ചില്ല.

**ആക്റ്റിവിറ്റി 1 : ഗ്രൂപ്പിങ്ങ്**

കുട്ടികളുടെ എണ്ണം അനുസരിച്ച് താഴെ പറയുന്നവയിൽനിന്ന് ആവശ്യമായ ആകൃതികൾ വെട്ടിയെടുക്കാം.

പക്ഷി, ആപ്പിൾ, മാങ്ങ, ചിത്രശലഭം, പൂവ്, മൊട്ട്. ആകൃതികൾ ഒരു കുട്ടിക്ക് ഒന്ന് എന്ന ക്രമത്തിൽ ക്ലാസിൽ വിതരണം ചെയ്യുക. ഒരേ ആകൃതി കിട്ടുന്ന കുട്ടികൾ ചേർന്ന് ഒരു ഗ്രൂപ്പ് ആകട്ടെ.

**ആക്റ്റിവിറ്റി 2 : ഗ്രൂപ്പ് ട്രീ**

കുട്ടികൾ അവർക്കു കിട്ടിയ ആകൃതിയിൽ മനോഹരമായി തങ്ങളുടെ പേര് എഴുതി ഓരോരുത്തരും ഗ്രൂപ്പ് ട്രീയിൽ കെട്ടി തൂക്കട്ടെ. ഗ്രൂപ്പ് ട്രീ മനോഹരമാക്കാൻ ആവശ്യമെങ്കിൽ തോരണങ്ങളോ ബലൂണുകളോ നൽകാം. ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ആകർഷകമായ ഗ്രൂപ്പ് ട്രീ കുട്ടികൾ നിർമ്മിക്കട്ടെ. ട്രീ ഗ്രൂപ്പിൽ നാട്ടി നിർത്താൻ ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകണേ.

ടീച്ചേഴ്സ് ടിപ്പ് : തുടർന്നുവരുന്ന പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകാൻ ഓരോ പ്രവർത്തനവും മികച്ചതാക്കുന്ന ഗ്രൂപ്പിന് നക്ഷത്ര ചിഹ്നമോ ഹൃദയ ചിഹ്നമോ നൽകാം. കിട്ടുന്ന ചിഹ്നങ്ങൾ ഗ്രൂപ്പ് ട്രീയിൽ നൂല് ഉപയോഗിച്ച് കെട്ടിത്തൂക്കാം. ഏറ്റവും കൂടുതൽ സമ്മാന ചിഹ്നങ്ങൾ (നക്ഷത്രം/ഹൃദയം) ഗ്രൂപ്പ് ട്രീയിൽ ഉൾപ്പെടുത്താൻ സാധിക്കുന്ന ഗ്രൂപ്പ് ആ ദിവസത്തെ വിജയി.

**ആക്റ്റിവിറ്റി 3 : പുൽക്കൂടിന് നിറം നൽകാം.**

സാധിക്കുമെങ്കിൽ കാർഡ്ബോർഡ് പെട്ടികളും ഇലകളും ക്രിസ്തുമസ് കാർഡിൽനിന്ന് വെട്ടിയെടുത്ത തിരുക്കുടുംബചിത്രങ്ങളുമൊക്കെ ഉപയോഗിച്ച് ഗ്രൂപ്പിൽ പുൽക്കൂട് നിർമ്മിക്കാം.
പുൽക്കൂടിന് മഹത്വമുണ്ടായത്?
ഈശോ ജനിച്ചപ്പോൾ
നമ്മുടെ കുടുംബം തിരുക്കുടുംബം ആകുന്നത്?
ഈശോ വരുമ്പോൾ/ജനിക്കുമ്പോൾ

**ആക്റ്റിവിറ്റി 4 : പൂവ് നിർമ്മിക്കാം.**

ഈശോ ഉള്ള കുടുംബങ്ങളിൽ കുറേ നന്മകൾ ഉണ്ടാകും. കുടുംബങ്ങളുടെ സ്ഥാനപ്പേരും കുടുംബങ്ങളിൽ നിലനിൽക്കുന്ന നന്മകളും ഇടകലർന്ന ഇതളുകളാക്കി ഒരു പൂവ് നിർമ്മിക്കാം. ആവശ്യമായ വസ്തുക്കൾ : ചാർട്ട് പേപ്പർ, കത്രിക, പശ, സ്കെച്ച് പെൻ.

പുസ്തകത്തിലും നിർമ്മിച്ച പൂവിന്റെയും നടുക്ക് 'ഈശോ' എന്നെഴുതാൻ മറക്കല്ലേ...

ഈശോ കേന്ദ്രമായ കുടുംബങ്ങളിൽ നിലനിൽക്കുന്ന പുണ്യങ്ങൾ പരിചയപ്പെടുത്തുകയാണ് ലക്ഷ്യം.

**ആക്റ്റിവിറ്റി 5 :** കുത്തുകൾ യോജിപ്പിക്കാം.

**ആക്റ്റിവിറ്റി 6 :** ചാർട്ട് പേപ്പറിൽ ഭംഗിയായി എഴുതി മുറിച്ചെടുത്ത് അലങ്കരിച്ച് സ്റ്റിക്കർ നിർമ്മിക്കാം. (മാതൃക കാണിക്കാൻ ഒരു സ്റ്റിക്കർ കരുതുമല്ലോ)

**ആക്റ്റിവിറ്റി 7 :** ഈശോ കേന്ദ്രീകൃത കുടുംബം എങ്ങനെ പണിയാം എന്ന് ഗാനത്തിലുണ്ട്.

അടിത്തറ - ദൈവവിശ്വാസം

ഭിത്തി - ത്യാഗം

മേൽക്കൂര - ക്ഷമ

ചായം - വിശുദ്ധി

മുറ്റം - എളിമ

**ആക്റ്റിവിറ്റി 8 :** ഈശോയുടെ സാന്നിദ്ധ്യമില്ലാത്ത പ്രവൃത്തികളിൽ 'OUT' എന്നതിന് ചുവന്ന നിറവും 'IN' എന്നതിന് പച്ചനിറവും നൽകാം.

ഈശോ കേന്ദ്രീകൃതമായ കുടുംബം തിരുക്കുടുംബം ആകുമെന്നും അവിടം നൻമകളുടെ വിളനിലമാകുമെന്നും മനസിലാക്കിക്കൊടുക്കാൻ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ വഴി സാധിക്കുമല്ലോ.

## മൂന്നാം ദിവസം

പ്രാരംഭമായി ഡയറി എഴുത്തിനെപ്പറ്റി പറയാം. ആൻ ഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ സൂചിപ്പിക്കാം.

ആക്റ്റിവിറ്റി 1 : ആക്ഷൻ സോങ്ങ്

കുരിശു വരക്കാൻ പഠിപ്പിക്കാം.

ആക്റ്റിവിറ്റി 2 : പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ പരിചയപ്പെടുത്തണേ.

ആക്റ്റിവിറ്റി 3 : കവിത പൂർത്തിയാക്കട്ടെ...

ആക്റ്റിവിറ്റി 4 : പ്രാർത്ഥന ചൊല്ലാൻ പഠിക്കാം.

ആക്റ്റിവിറ്റി 5 : പോസ്റ്റർ തയ്യാറാക്കാം.

ഭവനവുമായി ബന്ധപ്പെട്ട ഏത് ആശയവും ഉൾക്കൊള്ളിച്ച് പോസ്റ്റർ തയ്യാറാക്കാം.

ഉദാ: A Family that prays together, stays together.

ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ച് നിലനിൽക്കും.

Tip : അനുബന്ധമായി മുദ്രാവാക്യങ്ങളും പോസ്റ്ററും മുദ്രാവാക്യങ്ങളും ഉപയോഗിച്ച് ക്ലാസിനുള്ളിൽ ജാഥയും നടത്താം.

**ആക്റ്റിവിറ്റി 6 :** കുത്തുകൾ യോജിപ്പിച്ച് നിറം നൽകി വസ്തുക്കൾ യഥാസ്ഥാനത്ത് അടുക്കാം.

**ആക്റ്റിവിറ്റി 7 :** ഗ്രൂപ്പിൽ കുട്ടികൾ നിൽക്കുന്ന സ്ഥലം വൃത്തിയാക്കാനും ഭംഗിയായി അടുക്കാനും ആവശ്യപ്പെടാം.

**ആക്റ്റിവിറ്റി 8 :** Outdoor Game - Rugby

ആവശ്യമായവ : ബോൾ, വിസിൽ, മെയ്ക്കിങ് പൗഡർ (മാവ്/കുമ്മായം)

2 ഗ്രൂപ്പു തിരിഞ്ഞ് മത്സരിക്കാം. സമയപരിധി മുൻകൂട്ടി നിശ്ചയിക്കണം. കൂടുതൽ ഗ്രൂപ്പുകൾ ഉണ്ടെങ്കിൽ വിജയിച്ച ഗ്രൂപ്പിൽ Final നടത്താം.

ആക്റ്റിവിറ്റി 9 : ഔട്ട് ഡോർ ഗെയിം കഴിഞ്ഞ് കൈയും കാലും മുഖവും കഴുകി വരുന്ന കുട്ടികൾ ക്ലാസിൽ എത്തുമ്പോൾ മുൻകൂട്ടി തയ്യാറാക്കി വച്ചിരിക്കുന്ന തിരുക്കുടുംബചിത്രത്തിനു മുന്നിൽ പ്രാർത്ഥിക്കാനിരിക്കട്ടെ. ഗാനങ്ങൾ പാടാം.

ആക്റ്റിവിറ്റി 10 : നൽകിയിരിക്കുന്ന പ്രാർത്ഥന ചൊല്ലാം.

ആക്റ്റിവിറ്റി 11 : പ്രാർത്ഥനക്കുശേഷം കുട്ടികളോട് വിശുദ്ധ കൊച്ചുത്രേ

സ്യായുടെയും വിശുദ്ധരായ മാതാപിതാക്കളുടെയും ജീവിതം ഒരു കഥ പോലെ പറയുമല്ലോ. പേരുകൾ വെളിപ്പെടുത്തണേ. ഇവർ ആരെന്ന് കണ്ടെത്തുന്നതാണ് അടുത്ത പ്രവർത്തനം.

**ആക്റ്റിവിറ്റി 12 :**

വി. തെരേസ് (കൊച്ചുത്രേസ്യ)

വി. ലൂയി

വി. സെലിൻ

## നാലാം ദിവസം

**ആക്റ്റിവിറ്റി 1 :** സ്തുതി ചൊല്ലാം.

ഒരു മിനിറ്റിൽ ഏറ്റവും കൂടുതൽ ആളുകൾക്ക് സ്തുതി ചൊല്ലാൻ ആവശ്യപ്പെടാം. കുട്ടികൾ ക്ലാസ് മുറിയിൽ ഓടി നടന്ന് സ്തുതി ചൊല്ല ട്ടെ. ശേഷം ശരിയായ വിധത്തിൽ സ്തുതി ചൊല്ലുന്നതെങ്ങനെയെന്ന് മനസിലാക്കി കൊടുക്കാം.

**ആക്റ്റിവിറ്റി 2 :** ഞായറാഴ്ച മിന്നു അച്ഛന്റെയും അമ്മയുടെയും ഒപ്പം പോകുന്നത് പള്ളിയിൽ. വഴി വരച്ച് പൂർത്തിയാക്കാം.

**ആക്റ്റിവിറ്റി 3 :** ആക്ഷൻ സോങ്ങ്

**ആക്റ്റിവിറ്റി 4 :** ഈശോയ്ക്കൊരുമ്മ

കുട്ടികളെ ദൈവാലയത്തിലേക്ക് കൊണ്ടുപോകാം. ദൈവാലയ ത്തിൽ ഭക്തിപൂർവ്വം ആയിരിക്കേണ്ടത് എങ്ങനെ എന്ന് ലളിതമായി മനസിലാക്കിക്കൊടുക്കാം. കുട്ടികൾ ഈശോയുടെ ക്രൂശിതരൂപത്തിൽ ചുംബിക്കട്ടെ. ഗാനം ആലപിക്കാവുന്നതാണ്.

**ആക്റ്റിവിറ്റി 5 :** ചിന്നുവിന്റെ മാമ്മോദീസയ്ക്ക് എടുത്ത ഫോട്ടോ ആണ്. കുട്ടികളുടെ മാമ്മോദീസ പേരു ചോദിക്കാം. മാമ്മോദീസയുടെ അർത്ഥം വളരെ ചുരുങ്ങിയ വാക്കുകളിൽ പറഞ്ഞുകൊടുക്കാം.

തന്നിരിക്കുന്ന സ്ഥലത്ത് തലതൊട്ടപ്പന്റെയും തലതൊട്ടമ്മയു ടെയും പേരുകൾ എഴുതാം. കുട്ടികൾക്ക് അറിയില്ലെങ്കിൽ ഹോം വർക്ക് ആയി നൽകാം.

**ആക്റ്റിവിറ്റി 6 :** പ്രാർത്ഥനാ കാർഡ്

രണ്ടായി മടക്കിയ ചാർട്ട് പേപ്പറിൽ മടക്കിനോട് ചേർത്ത് കൈപ്പത്തി വച്ച് ഔട്ട്ലൈൻ വരച്ചെടുത്ത് മുറിക്കാം. അടയ്ക്കാനും തുറക്കാനും സാധിക്കുന്ന കാർഡിന്റെ ഉൾഭാഗത്ത് പ്രാർത്ഥന എഴുത ട്ടെ. നിറങ്ങൾ നൽകിയും ചിത്രങ്ങൾ വരച്ചും മനോഹരമാക്കാം.

തലതൊട്ടപ്പനും തലതൊട്ടമ്മക്കും നൽകാനായി കുട്ടികൾക്ക് കൊടുത്തുവിടാൻ മറക്കല്ലേ.

**ആക്റ്റിവിറ്റി 7 :** Five Finger Prayer

ഓരോ വിരലും മനസിലാക്കി കൊടുക്കുമ്പോൾ ആ വിരലിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്ന ആളുകളുടെ പേരുകൾ കുട്ടികൾ വ്യക്തിപരമായി തന്നിരിക്കുന്ന സ്ഥലത്ത് എഴുതട്ടെ. രണ്ടോ മൂന്നോ മിനിറ്റ് ദൈർഘ്യമുള്ള മൗനപ്രാർത്ഥന Five Finger Prayer ന്റെ അടിസ്ഥാനത്തിൽ നടത്താം.

**ആക്റ്റിവിറ്റി 8 :** ഗാനം പഠിക്കാം. ഗാനങ്ങൾക്ക് ചുറ്റുമുള്ള ചിത്രങ്ങളിൽ നല്ല പ്രവൃത്തികളുടെ നേരെ 'Thumps up' ചിഹ്നം നിറം നൽകാം.

## അഞ്ചാം ദിവസം

**ആക്റ്റിവിറ്റി 1 :** Walkie - Talkie നിർമ്മിക്കാം.

പേപ്പർ ഗ്ലാസ്, നൂല് എന്നിവ ഉപയോഗിച്ച് ഒരു ഗ്രൂപ്പിൽ ഒന്നോ രണ്ടോ walkie talkie നിർമ്മിക്കാം. കുട്ടികൾ walkie-talkie യിലൂടെ പരസ്പരം സംസാരിക്കട്ടെ. കുറേനേരത്തിനുശേഷം ടീച്ചർ walkie talkie യിലെ നൂല് മുറിച്ചു വിടാം. വീണ്ടും സംസാരിച്ചു നോക്കാൻ പറയാം. മറുവശത്ത് കേൾക്കുന്നില്ലന്ന് ബോധ്യപ്പെടുത്താം.

സന്ദേശം : സംസാരിക്കാൻ ഒരു മീഡിയം ആവശ്യമാണ്. ഈശോയോട് സംസാരിക്കാനുള്ള മീഡിയം ആണ് പ്രാർത്ഥന.

**ആക്റ്റിവിറ്റി 2 :** ആക്ഷൻ സോങ്ങ്

**ആക്റ്റിവിറ്റി 3 :** മാലാഖ മാല നിർമ്മിക്കാം. ആവശ്യമായ വസ്തുക്കൾ : ചാർട്ട് പേപ്പർ, പശ, സ്കെച്ച് പെൻ, കത്രിക, നൂല്. പ്രാർത്ഥിക്കാൻ പഠിപ്പിച്ച അമ്മയ്ക്ക് സമ്മാനമായി നൽകാൻ കൊടുത്തുവിടണേ.

**ആക്റ്റിവിറ്റി 4 :** സാന്ദർഭികമായി അമ്മയുടെ സ്നേഹത്തെ ഒന്ന് ഓർമ്മപ്പെടുത്താം. വഴക്കുപറയുന്നത് നമ്മോടുള്ള സ്നേഹവും കരുതലും മൂലമാണെന്ന് ഓർമ്മപ്പെടുത്താം.

**ആക്റ്റിവിറ്റി 5 :** ആക്ഷൻ സോങ്ങ്

**ആക്റ്റിവിറ്റി 6 :** ചിത്രത്തിനു നിറം നൽകാം.

**ആക്റ്റിവിറ്റി 7 :** Pop up Family card നിർമ്മിക്കാൻ ആവശ്യമായ സാധനങ്ങൾ ചാർട്ട് പേപ്പർ, ബോണ്ട് പേപ്പർ, പശ, കത്രിക, സ്കെച്ച് പെൻ.

അച്ഛനും അമ്മയ്ക്കും നൽകാൻ സ്നേഹത്തിന്റെ വരികൾ കുട്ടികൾ കാർഡിൽ എഴുതിച്ചേർക്കാൻ ആവശ്യപ്പെടണേ.

**ആക്റ്റിവിറ്റി 8 :** ഏഴു വാഗ്ദാനങ്ങൾ

പേപ്പർ വെയിറ്റ് നിർമ്മാണം. പേപ്പർ ഗ്ലാസ്, ചാർട്ട് പേപ്പർ, കത്രിക, പശ, സ്കെച്ച് പെൻ മുതലായ സാധനങ്ങൾ ആവശ്യമാണ്. ഓരോ വാഗ്ദാനങ്ങൾ ഓരോ ദിവസത്തെ നിയോഗമായി എടുത്ത് പാലിക്കാൻ ശ്രദ്ധിക്കാൻ ആവശ്യപ്പെടാം.

കുട്ടികൾ ഉണ്ടാക്കിയ പേപ്പർ വെയിറ്റ് എന്നും കാണുന്ന വിധത്തിൽ പഠനമുറിയിലോ മേശയിലോ വയ്ക്കാൻ ആവശ്യപ്പെടാം.

**ആക്റ്റിവിറ്റി 9 :** ബൈബിൾ വാക്യങ്ങളും നന്മ സുകൃതങ്ങളും എഴുതിയ അലങ്കാര വസ്തുക്കൾ ചിത്രത്തിൽ കാണിച്ചിരിക്കുന്നതു പോലെ ചാർട്ട് പേപ്പർ, സ്കെച്ച്, നൂല്, കത്രിക, പശ, സ്ട്രോ തുടങ്ങിയവ ഉപയോഗിച്ചു നിർമ്മിക്കാവുന്നതാണ്.

വേദവാക്യങ്ങളാലും നന്മസുകൃതങ്ങളാലും അലങ്കരിക്കപ്പെട്ട ഭവനം ആണ് ആശയം.

**ആക്റ്റിവിറ്റി 10 :** കൈവിരലിൽ Smiley വരച്ച് പുസ്തകത്തിൽ പതിപ്പിക്കാം.

**ആക്റ്റിവിറ്റി 11 :** ആക്ഷൻ സോങ്ങ്

**ആക്റ്റിവിറ്റി 12 :** ഫാമിലി ഫോട്ടോ ഒട്ടിക്കാം/ വരച്ചു ചേർക്കാം.

---

## You Tube Reference Links

1. ഈശോ വസിക്കും കുടുംബം : – https://youtu.be/z9bpfKHcxH4 or search 'eeso vasikkum kudumbam'
2. സ്നേഹംകൊണ്ടൊരു വീട് പണിയാം : – https://youtu.be/w41xdJLTruE or Search 'Sneham kondoru veedu Paniyam'
3. പര പര വെളുക്കുന്ന നേരത്ത് https://youtu.be/dDk-j6TUBxc or Search 'para para velukkunna nerathu'
4. പള്ളിക്കടുത്താണെന്റെ വീട് https://youtu.be/RHMvCEj6RIK or Search 'pallikkaduthanente veedu'